# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2189 10.10.2011 - ൽ മറുപടിക്ക്

### കേരളാ വാട്ടർ അതോറിറ്റി അവലോകന യോഗങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | | ശ്രീ. പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കേരളാ വാട്ടർ അതോറിറ്റി നിയോജക മണ്ഡലാടിസ്ഥാന ത്തിലോ ജില്ലാ അടിസ്ഥാന ത്തിലോ ജനപ്രതിനിധികളേയും ഉദ്യോഗസ്ഥരേയും പങ്കെടുപ്പിച്ച് കൊണ്ട് അവലോകന യോഗങ്ങൾ നടത്തുവാൻ നിർദ്ദേശിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരം എത്ര കമ്മിറ്റികൾ വിളിച്ച് ചേർത്തിട്ടുണ്ടെന്നറിയിക്കാമോ ; പ്രസ്തുത കമ്മിറ്റികളിൽ ആരൊക്കെ പങ്കെടുത്തുവെന്ന് വ്യക്തമാക്കാമോ ; | (ബി) | 26/11/1996ലെ ജി.ഒ(എം.എസ്) നം. 83/96/ഐ.ആർ.ഡി ഉത്തരവ് പ്രകാരം ഇറിഗേഷൻ വകുപ്പിന്റെയും കേരള വാട്ടർ അതോറിറ്റിയുടെയും പ്രവർത്തനങ്ങളുടെയും നടത്തിപ്പിനും പദ്ധതികളുടെ പുരോഗമനം അവലോകനം ചെയ്യുന്നതിലേയ്ക്കുമായി മണ്ഡലം എം.എൽ.എ ചെയർമാനും കേരളാ വാട്ടർ അതോറിറ്റി മണ്ഡലത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറുമായി ഒരു ആറംഗ അഡ്വൈസറി കമ്മിറ്റി രൂപീകരിച്ചു. ഈ കമ്മിറ്റി മാസത്തിലൊരിക്കൽ കൂടി പദ്ധതി പുരോഗതി അവലോകനം ചെയ്യണം എന്ന് നിഷ്കർഷിച്ചിരുന്നു.<br><br>ഇതനുസരിച്ച് കമ്മിറ്റികൾ കൂടുകയും അവലോകനം നടത്തുകയും ചെയ്തിരുന്നു. എന്നാൽ പിൽക്കാലത്ത് ഈ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ വിവിധ കാരണങ്ങളാൽ നടന്നിരുന്നില്ല. ഈ സർക്കാർ നിലവിൽ വന്നശേഷം വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ജില്ലകളിൽ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവരെ പങ്കെടുപ്പിച്ചുകൊണ്ട് പദ്ധതി അവലോകന യോഗങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്.<br><br>ജില്ല തിരിച്ചുള്ള അവലോകനയോഗങ്ങളുടെ റിപ്പോർട്ട് താഴെ കൊടുക്കുന്നു.<br><br>**തിരുവനന്തപുരം**<br>2011 ജൂൺ 6ന് തിരുവനന്തപുരം ജില്ലയിലെ കുടിവെള്ള പദ്ധതികളുടെ അവലോകനം നടത്തുന്നതിനായി തിരുവനന്തപുരം മസ്കറ്റ് |

ഹോട്ടലിൽ വച്ച് വകുപ്പുമന്ത്രി ഒരു യോഗം വിളിച്ചു ചേർക്കുകയുണ്ടായി. ഈ യോഗത്തിൽ ബഹു.ഗതാഗത വകുപ്പുമന്ത്രി ശ്രീ. വി.എസ്. ശിവകുമാർ, ആറ്റിങ്ങൽ എം. പി. ശ്രീ. എ. സമ്പത്ത്, തിരുവനന്തപുരം ജില്ലയിലെ എം.എൽ.എ-മാർ ജില്ലാ കളക്ടർ, മറ്റു ജനപ്രതിനിധികൾ, വാട്ടർ റിസോഴ്സ് വകുപ്പ് ഉദ്യോഗസ്ഥർ, വാട്ടർ അതോറിറ്റി, ഇറിഗേഷൻ, മൈനർ ഇറിഗേഷൻ, ഗ്രൗണ്ട് വാട്ടർ, ജലനിധി എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

15/09/2011ൽ ബഹു.ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ.ശക്തൻ, നെയ്യാറ്റിൻകര താലൂക്കിൽ വർഷങ്ങളായി മുടങ്ങിക്കിടന്ന കാളിപ്പാറ കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് പദ്ധതി പ്രദേശത്തെ എം.എൽ.എ-മാരുടെയും മറ്റ് ജനപ്രതിനിധികളുടെയും വാട്ടർ അതോറിറ്റി ഉന്നത ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട് ഒരു യോഗം വിളിക്കുകയുണ്ടായി.

20/09/2011-ൽ തിരുവനന്തപുരം ജില്ലയിലെ കുടിവെള്ള പദ്ധതികളെക്കുറിച്ചുള്ള ഒരു അവലോകന യോഗം വകുപ്പുമന്ത്രി ശ്രീ. പി.ജെ. ജോസഫ് വിളിച്ചു ചേർക്കുകയുണ്ടായി. ചെയർമാനും വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരും പങ്കെടുത്തു.

2/8/2011-ൽ തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ളതും പൂർത്തിയാക്കാൻ അവശേഷിക്കുന്നതുമായ ശുദ്ധജലവിതരണ പദ്ധതികളുടെ അവലോകനം സംബന്ധിച്ച് തിരുവനന്തപുരം കളക്ടറേറ്റിൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം വിളിച്ചു ചേർക്കുകയുണ്ടായി. ടി യോഗത്തിൽ ബഹു. എം.എൽ.എ-മാർ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

23/09/2011-ൽ ആറ്റിങ്ങൽ മണ്ഡലത്തിലെ ശുദ്ധജലവിതരണ പദ്ധതികളുടെ അവലോകനം ബഹു.എം.എൽ.എ ശ്രീ. ബി. സത്യൻ വിളിച്ചു ചേർക്കുകയുണ്ടായി. ടി യോഗത്തിൽ ജനപ്രതിനിധികളും വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരും പങ്കെടുത്തു.

27/6/2011-ൽ അരുവിക്കര നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിലെ

ശുദ്ധജലവിതരണ പദ്ധതികളുടെ അവലോകനം ബഹു. സ്പീക്കർ ശ്രീ. ജി. കാർത്തികേയൻ വിളിച്ചു ചേർക്കുകയുണ്ടായി. ടി യോഗത്തിൽ ജനപ്രതിനിധികളും വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരും പങ്കെടുത്തു.

കൊല്ലം

കൊല്ലം സർക്കിളിൽ ഇത്തരത്തിലുള്ള രണ്ട് കമ്മിറ്റികൾ വിളിച്ചു ചേർത്തിട്ടുണ്ട്.

20/6/2011ൽ കൊല്ലം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ബഹുമാനപ്പെട്ട വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാതല അവലോകന യോഗങ്ങൾ നടന്നിട്ടുണ്ട്. ഇതിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും പങ്കെടുത്തിരുന്നു. കൂടാതെ 1/7/2011ൽ ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ വച്ച് ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ അവലോകന യോഗം നടന്നിട്ടുണ്ട്. ഇതിൽ ബന്ധപ്പെട്ട എഞ്ചിനീയർമാരും ഉദ്യോഗസ്ഥരും പങ്കെടുത്തിരുന്നു.

കോട്ടയം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോട്ടയം സർക്കിളിന്റെ കീഴിലെ ആലപ്പുഴ ഡിവിഷനിൽ ഒരു കമ്മിറ്റിയും കോട്ടയം ഡിവിഷന്റെ കീഴിൽ എല്ലാ മാസവും ജില്ലാ വികസന യോഗങ്ങളും 6/2011, 1/10/2011 എന്നീ തീയതികളിൽ രണ്ട് താലൂക്ക് സഭകളും ചേർന്നിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർമാരും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും പങ്കെടുത്തിരുന്നു.

മദ്ധ്യമേഖലയുടെ കീഴിൽ തൃശ്ശൂർ ജില്ലയിൽ ഇത്തരം അഞ്ച് മീറ്റിങ്ങുകൾ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നടത്തിയിട്ടുണ്ട്.

എറണാകുളം ജില്ലയിൽ ആലുവ ഡിവിഷന്റെ കീഴിൽ, 3 മീറ്റിങ്ങുകൾ നടത്തിയിട്ടുണ്ട്. മൂവാറ്റുപുഴ സർക്കിളിന്റെ കീഴിൽ 3/6/2011ൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ അവലോകന യോഗം നടക്കുകയുണ്ടായി. കൂടാതെ 28/6/2011ൽ സെക്രട്ടേറിയറ്റിൽ വെച്ച് ജില്ലാതല അവലോകനയോഗവും നടക്കുകയുണ്ടായി. പ്രസ്തുത മീറ്റിങ്ങുകളിൽ വകുപ്പുമന്ത്രിയും ബന്ധപ്പെട്ട ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പങ്കെടുത്തിരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കണ്ണൂർ ജില്ലയിൽ 7/7/2011നും കാസർഗോഡ് ജില്ലയിൽ 14/7/2011-നും അവലോകനയോഗങ്ങൾ നടത്തിയിട്ടുണ്ട് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തിട്ടുണ്ടായിരുന്നു.

കോഴിക്കോട് ജില്ലയിലും മലപ്പുറം ജില്ലയിലും 14/6/2011ന് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാടിസ്ഥാടിസ്ഥാനത്തിൽ ജനപ്രതിനിധി കളെയും ഉദ്യോസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട് ഓരോ അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്.

ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട് 2011 ജൂലൈ 1-ന് പാലക്കാട് ജില്ലയിലെ അവലോകനയോഗം പാലക്കാട് കളക്ടറേറ്റിൽ വെച്ച് നടത്തിയിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ വകുപ്പുമന്ത്രിയും ജില്ലയിലെ പാർലമെന്റ് / നിയോജകമണ്ഡലങ്ങളിലെ ജന പ്രതിനിധികളും ജില്ലാ പഞ്ചായത്ത് പ്രസിഡന്റും, എം.എൽ.എ-മാരുടെ പ്രതിനിധികളും മുനിസി-പ്പൽ ചെയർമാൻമാരുടെ പ്രതിനിധികളും ബഹു. പാലക്കാട് ജില്ലാ കളക്ടറും ജലവിതരണവകുപ്പ്, ഭൂഗർഭ ജലസേചന വകുപ്പ്, കേരള വാട്ടർ അതോറിറ്റി എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരും പങ്കെടുത്തിട്ടുണ്ട്.

(സി) ഏത് ഉദ്യോഗസ്ഥനെയാണ് അടൂർ മണ്ഡലത്തിന്റെ പരിധിയിൽ ഇത്തരത്തിലുള്ള കമ്മിറ്റി വിളിക്കുവാൻ ചുമതലപ്പെടുത്തിയിട്ടുള്ളത്;

(സി) അടൂർ മണ്ഡലത്തിന്റെ പരിധിയിൽ ഇത്തരത്തിലുള്ള കമ്മിറ്റി വിളിക്കുന്നതിന് പത്തനംതിട്ട സബ്ഡിവിഷനിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഇത്തരത്തിൽ അവലോകന യോഗം വിളിക്കുവാൻ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ ?

(ഡി) അവലോകനയോഗം വിളിക്കുവാൻ വീഴ്ച വരുത്തിയ സാഹചര്യം ഉണ്ടായിട്ടില്ല.

സെക്ഷൻ ഓഫീസർ